**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **17.02.2016 - ൽ മറുപടിക്ക്.**
**നമ്പർ : 2179**

## പുതുക്കാട് മണ്ഡലത്തിലെ പുതിയ പദ്ധതികൾ

ചോദ്യം
പ്രൊഫ. സി. രവീന്ദ്രനാഥ്.

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് പുതുക്കാട് മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) : പുതുക്കാട് മണ്ഡലത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡും, കിൻഫ്രയും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ ? | (ബി) : മുകന്ദപുരം താലൂക്കിൽ നെൻമണിക്കര, തൃക്കൂർ വില്ലേജുകളിൽപ്പെട്ട 100 ഏക്കർ ഭൂമിയിൽ ഒരു കേര പാർക്ക് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ഈ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക വിരുദ്ധമായതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.<br>പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയിൽപ്പെടുത്തി ഹോളോ ബ്രിക്സ് യൂണിറ്റ്, പ്രിന്റിങ് പ്രസ്സ്, ടൈലറിങ് യൂണിറ്റ് മോൾഡ്സ്-ഡൈ യൂണിറ്റ്, ഗോൾഡ് ഓർണമെന്റ്സ് യൂണിറ്റ് എന്നിവയ്ക്കായി 31,37,000/- രൂപ പ്രോജക്ട് തുകയായി വിവിധ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. എന്റെ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഫർണിച്ചർ യൂണിറ്റ്, ഫുഡ് പ്രൊഡക്ട്സ് യൂണിറ്റ്, ചിപ്സ് യൂണിറ്റ്, കോൺക്രീറ്റ് പ്രൊഡക്ട്സ് യൂണിറ്റ് എന്നിവയ്ക്കായി 12,30,000/-രൂപ വിവിധ വ്യക്തികൾക്കായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.